**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ പ്രതിമാസം 1300 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

.................................................................................................................................

**ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്**

**സ.ഉ.(എം എസ്) നം.28/2020/ധന. തീയതി, തിരുവനന്തപുരം,03/03/2020**

പരാമർശം:-1)18.02.2019 തീയതിയിലെ സ.ഉ.(എം.എസ്)നം.91/2019/ധന ഉത്തരവ്
2) 2020-21 വർഷത്തെ ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 19(1)

<u>ഉത്തരവ്</u>

പരാമർശം (1) പ്രകാരം എല്ലാ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകളും 1200/- രൂപയായി വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവായിരുന്നു. 2020-21 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ എല്ലാ ക്ഷേമ പെൻഷനുകളും 1300 രൂപയായി ഉയർത്തുന്നതാണെന്ന് ബഹു. ധനകാര്യവകുപ്പു മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷന്റെ പ്രതിമാസ നിരക്ക് നിലവിൽ നൽകി വരുന്ന 1200 രൂപയിൽ നിന്നും 1300 രൂപയായി (ആയിരത്തി മുന്നൂറ് രൂപ മാത്രം) വർദ്ധിപ്പിച്ചും ഉത്തരവാകുന്നു. നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ അല്ലെങ്കിൽ ക്ഷേമനിധി ബോർഡ് പെൻഷൻ 1300 രൂപയിൽ കൂടുതൽ ലഭിക്കുന്നവർക്ക് അത് ഉയർന്ന നിരക്കിൽ തന്നെ തുടർന്നും ലഭിക്കുന്നതാണ്. വർദ്ധിപ്പിച്ച നിരക്കിന് 01/04/2020 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പ്രതീപ് കുമാർ.ബി**
**ജോയിന്റ്സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വിവിധ ക്ഷേമനിധി ബോർഡുകൾ
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (എസ്.എഫ്.സി-ബി3/87/2020/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ